"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇടുക്കി ചെറുതോണി ഡാമുകൾ നിബന്ധനകൾക്ക് വിധേയമായി 31.05.2025 വരെ സന്ദർശിക്കുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഊർജ്ജ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.220/2024/POWER തീയതി,തിരുവനന്തപുരം, 14-11-2024

പരാമർശം:-

1. സ.ഉ. (സാധാ) നം.71/2024/Power തീയതി 09.04.2024
2. 28.05.2024 ലെ കേരള ഹൈഡൽ ടൂറിസം ഡയറക്ടറുടെ KHTC/HQ/Note-IDK/2024/163 നമ്പർ കത്ത്
3. 29.08.2024 ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർറുടെ DGC/AEEIV/Dam Safety/Idukki dam/2022/178 നമ്പർ കത്ത്
4. സ.ഉ. (സാധാ) നം. 159/2024/Power തീയതി 31.08.2024
5. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടി ആയ ഇടുക്കി ജില്ലാ കളക്ടറുടെ 26.10.2024 തീയതിയിലെ DCIDK/4120/2020-DM1 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിക്കുന്നതിന് ഇടുക്കി, ചെറുതോണി ഡാമുകൾ നിശ്ചിത നിബന്ധനകളോടെ **31/05/2024** വരെ തുറന്ന് കൊടുക്കുന്നതിന് പരാമർശം **(1)** പ്രകാരം സർക്കാർ അനുമതി നല്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തുടർന്നും സന്ദർശനനാനുമതി നല്കണമെന്ന് സൂചന **(2)** പ്രകാരം കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ **31/08/2024** മുതൽ **30/11/2024** വരെ മൂന്ന് മാസത്തേയ്ക്ക് കൂടി സന്ദർശനാനുമതി ദീർഘിപ്പിച്ച് സൂചന **(4)** പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

**2)** ഇടുക്കി, ചെറുതോണി ഡാമുകളിൽ വിവിധ അറ്റകുറ്റ പ്രവൃത്തികൾ നടന്നു വരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നത് അവരുടെ സുരക്ഷിതത്വത്തിനും ഡാമിന്റെ സുരക്ഷയ്ക്കും അഭികാമ്യമല്ലെങ്കിലും ഡാം സന്ദർശിക്കുന്നതിന് പൊതുജനങ്ങളിൽനിന്നുള്ള അഭ്യർത്ഥന മാനിച്ച് സൂചന **(1)** പ്രകാരമുള്ള ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി **31.05.2025** വരെ സന്ദർശനാനുമതി നൽകാവുന്നതാണെന്ന് സൂചന **(3)** പ്രകാരം കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്.

**3)** ശക്തമായ മഴയ്ക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പുകൾ (റെഡ്, ഓറഞ്ച് അലർട്ടുകൾ) നിലനിൽക്കുന്ന അവസരത്തിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വിനോദ സഞ്ചാരത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ദിവസങ്ങളിലും ഒഴികെ ഡാമിൽ നിലവിൽ നടക്കുന്ന അറ്റകുറ്റ പ്രവൃത്തികൾക്ക് യാതൊരു തടസ്സവും

വരാത്ത രീതിയിൽ സൂചന (4) സർക്കാർ ഉത്തരവിലെ നിബന്ധനകൾ കൃത്യമായി പാലിച്ച് 31.05.2025 വരെ പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിക്കാവുന്നതാണെന്ന് ഇടുക്കി ജില്ലാകളക്ടർ സൂചന (5) പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രവേശനം അനുവദിക്കുന്ന ദിവസങ്ങളിൽ കർശനമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിന് പോലീസ്, ഹൈഡൽ ടൂറിസം എന്നിവർക്ക് നിർദ്ദേശം നല്കണമെന്നും ജില്ലാകളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി, ബുധനാഴ്ചകളിലും വെള്ളം തുറന്നുവിടേണ്ട ദിവസങ്ങളിലും, ശക്തമായ മഴയുള്ള കാലാവസ്ഥാ മുന്നറിയിപ്പുകൾ (റെഡ്, ഓറഞ്ച് അലർട്ടുകൾ) നിലനിൽക്കുന്ന അവസരത്തിലും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വിനോദ സഞ്ചാരത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ദിവസങ്ങളിലും ഒഴികെയുള്ള ദിവസങ്ങളിൽ ഡാമിൽ നിലവിൽ നടക്കുന്ന അറ്റകുറ്റപ്പണികൾക്ക് യാതൊരു തടസ്സവും വരാത്ത രീതിയിലും താഴെ പറയുന്ന നിബന്ധനകളോടെയും 01/12/2024 മുതൽ 31.05.2025 വരെയുള്ള കാലയളവിൽ തുറന്നുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഡാമിലും പരിസര പ്രദേശങ്ങളിലും മാലിന്യ സംസ്ക്കരണം നടത്തുന്നതിനു മതിയായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.
2) ഡാമുകളുടെ പരിസരത്ത് മതിയായ താൽക്കാലിക ശുചിമുറി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
3) ഈ കാലയളവിൽ സെക്യൂരിറ്റി ഗാർഡുകളെ അധികമായി നിയമിച്ച് സിസിടിവി ക്യാമറാ നിരീക്ഷണത്തിലൂടെയും, മെറ്റൽ ഡിറ്റക്ടറുകളുടെ സഹായത്തോടെയും, പ്രവേശനം ക്രമപ്പെടുത്തുക.
4) ഡാമിന്റെ പരിസര പ്രദേശങ്ങളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കുന്നത് ഒഴിവാക്കുക.
5) ജൈവമാലിന്യങ്ങൾ ദിവസേന നീക്കം ചെയ്യുക.
6) ഗ്രീൻ പ്രോട്ടോകോൾ ഉറപ്പുവരുത്തുക.
7) ഡാമിന്റേയും പരിസര പ്രദേശങ്ങളുടേയും പൂർണ്ണമായ സുരക്ഷ ഉറപ്പ് വരുത്തേണ്ടത് പ്രസ്തുത സ്ഥലത്ത് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പൂർണ്ണമായ ഉത്തരവാദിത്തമായിരിക്കും. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച ഗൗരവതരമായി കാണുന്നതാണ്.
8) നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് ബാരിക്കേഡുകളും മറ്റും ഉപയോഗിച്ച് വർക്ക് സൈറ്റുകൾ വേർതിരിച്ച് പ്രവേശനം കർശനമായി നിയന്ത്രിക്കുക
9) പൊതുജനങ്ങളുടെ സുരക്ഷയുടേയും അണക്കെട്ടുകളുടെയും പരിസരപ്രദേശങ്ങളുടേയും സുരക്ഷയുടെയും ഉത്തരവാദിത്തം ഹൈഡൽ ടൂറിസം വകുപ്പും പോലീസ് വകുപ്പും ഏറ്റെടുക്കേണ്ടതാണ്.
10) പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി ഏതെങ്കിലും ഇൻഷ്വറൻസുകൾ എടുക്കേണ്ടതുണ്ടെങ്കിൽ ആയതിന്റെ ചെലവ് ഹൈഡൽ ടൂറിസം സെന്റർ

വഹിക്കേണ്ടതാണ്.

**11)** പൊതുജന പ്രവേശനം അനുവദിക്കുന്നത് നിലവിൽ ഡാമിലും പരിസരത്തും നടന്നുവരുന്ന അറ്റകുറ്റപ്പണികളെ ഒരുതരത്തിലും ബാധിക്കുവാൻ പാടില്ല. മൺസൂൺ ആരംഭിക്കുന്നതിന് മുമ്പ് അറ്റകുറ്റപണികൾ പൂർത്തീകരിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.എൽ ഉം ഹൈഡൽ ടൂറിസം സെന്ററും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

**12) 16.09.2023** ന് ജില്ലാ കളക്ടർ നടത്തിയ യോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ സുരക്ഷാ പ്രോട്ടോക്കോളുകളും പാലിച്ചായിരിക്കണം പൊതുജനങ്ങളുടെ പ്രവേശനം അനുവദിക്കേണ്ടത്.

**13)** ഒരു സമയം പരമാവധി **20** പേർക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തേണ്ടതാണ്.

**14)** അണക്കെട്ടിന് മുകളിലൂടെ പൊതുജനങ്ങൾക്ക് പ്രവേശനാനുമതി നൽകേണ്ട റൂട്ട് വാഴത്തോപ്പിലെ ഡാം സേഫ്റ്റി ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കൂടിയാലോചിച്ചാകണം ഹൈഡൽ വകുപ്പ് അന്തിമമാക്കേണ്ടത്. ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHY C S
ജോയിന്റ് സെക്രട്ടറി

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്, തിരുവനന്തപുരം.
2) ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ഇടുക്കി.
3) സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
4) ഡയറക്ടർ, ഹൈഡൽ ടൂറിസം സെന്റർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്.
5) ഡയറക്ടർ (ജനറേഷൻ-സിവിൽ), കെ. എസ്. ഇ. ബി. ലിമിറ്റഡ്, തിരുവനന്തപുരം.
6) ജില്ലാ പോലീസ് മേധാവി, ഇടുക്കി.
7) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
8) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
9) വനം വന്യജീവി (ഡി) വകുപ്പ്
10) വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
11) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreesh K P
Date:14-11-2024 15:39:23
സെക്ഷൻ ഓഫീസർ